'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ കുടിവെള്ള ടാങ്കറുകളിൽ ജി.പി.എസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്ത തദ്ദേശസ്വാപനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.554/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/03/2020

---

പരാമർശം:- 1 സർക്കാരിന്റെ 02/03/2019 ലെ സ.ഉ(സാധാ)നം.500/2019/തസ്വഭവ നമ്പർ ഉത്തരവ്.

2 കണ്ണൂർ ജില്ലാകളക്ടറുടെ 07/11/2019 ലെ DCKNR/2486/2019/DM2 നമ്പർ കത്ത്.

3 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 17/12/2019 തീയതിയിലെ യോഗതീരുമാനം.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ കുടിവെള്ള വിതരണത്തിനായി വിനിയോഗിച്ച ടാങ്കറുകളിൽ ജി.പി.എസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാതെ വന്നതിനാൽ പരാമർശം 1 ലെ ഉത്തരവു പ്രകാരം കരാറുകാർക്ക തുക നൽകുന്നതിന് കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിൽ ഇളവ് നൽകണമെന്ന് കണ്ണൂർ ജില്ലാകളക്ടറുടെ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്തനിവാരണ വകുപ്പിന്റെ പരാമർശം 3 ലെ യോഗ തീരുമാനത്തിനത്തിലെ ഖണ്ഡിക 2 പ്രകാരം ഇത്തരം സന്ദർഭങ്ങളിൽ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തദ്ദേശസ്വാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.പി.എസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്ത 13 പഞ്ചായത്തുകളിലും, കണ്ണൂർ കോർപ്പറേഷനിലും, 5 നഗരസഭകളിലും കമ്മിറ്റി തീരുമാനത്തിന് വിധേയമായി തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജന് സി വി ഐ .എ .എസ്

ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.03.06 10:46:
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്.